ശ്രീ. വി. കെ. വല്ലീസ്: ഇവിടെ ആവശ്യമുള്ളതിൽ കൂടുതൽ കപ്പ ഇവിടെ കൂമ്പിചെയ്യുന്നുണ്ടെന്നറിയാമോ?

ശ്രീ. ടി: കെ. നാരായണപിള്ള: ഇവിടെയുണ്ടാകുന്നതായ കപ്പ ഇവിടെയുള്ള ആളുകൾതന്നെ ഉപയോഗിച്ചു വരികയാണ്.

ശ്രീ. ഇ. പി. പൗലോസ്: കയറ്റുമതി അനുവദിക്കുകയാണെങ്കിൽ കൂടുതൽ കപ്പ ഉല്പാദിപ്പിക്കുമെന്നുള്ള സംഗതി ഗവൺമെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: മധുര, കോയമ്പത്തൂർ മുതലായ സ്ഥലങ്ങളിൽനിന്നും ഇവിടെ കപ്പകൊണ്ടുവരുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അവിടങ്ങളിൽ പോയിട്ടുള്ളവർക്കേ അറിഞ്ഞുകൂടൂ. ഗവൺമെണ്ടിനു് അറിഞ്ഞുകൂടാ.

ശ്രീ. ഇ. പി. പൗലോസ്: ഈ നിരോധനം നീക്കുന്നതിനു് ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തല്ക്കാലം ആലോചിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മരച്ചീനിയിൽനിന്നും അരി ഉണ്ടാക്കുന്നതു് ഒരു വ്യവസായമായിട്ടു് ഇവിടെ നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതൊരു വ്യവസായമായി നടപ്പിൽ വരുത്താനാണു് ഗവൺമെണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ അതു് ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ തിരുവനന്തപുരത്തുമാത്രം നടപ്പിലാക്കിയിട്ടുണ്ടു്.

മത്സ്യവ്യവസായികൾക്കു് തടി

* ൭ ൭൭. (ക ൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) മീൻപിടിത്തത്തിനായുള്ള വള്ളങ്ങൾ ഉണ്ടാക്കുന്നതിനു് സൗജന്യനിരക്കിൽ തടി കൊടുക്കുന്നതു് സംബന്ധിച്ചു വ്യവസ്ഥകൾ ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്നു് ഗവൺമെണ്ടു് പരിശോധിക്കാറുണ്ടോ;

(ബി) ക—ര—ക൯ ൽ ൦—നു് ശേഷം സൗജന്യനിരക്കിൽ തടി വാങ്ങി പണികഴിപ്പിച്ചിട്ടുള്ള എത്ര വള്ളങ്ങൾ ഇപ്പോൾ പരവൂരിലുണ്ടു്;

(സി) പരവൂരുകാരുടെ അപേക്ഷകളനുസരിച്ചു് കിട്ടുന്ന തടികൊണ്ടു് മറ്റു് സ്ഥലനിവാസികൾക്കായുള്ള വള്ളങ്ങളാണു് നിർമ്മിക്കപ്പെടുന്നതെന്നു പറയുന്നതിൽ വാസ്തവമുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) ക—ര—ക൯ൽ ൦—നു് ശേഷം പരവൂരിൽനിന്നും ൨ൽ വള്ളങ്ങൾക്കുള്ള അപേക്ഷ അനുവദിച്ചിട്ടുള്ളതനുസരിച്ചു് വള്ളങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടു്. അതിനുശേഷം പണി തീർന്നു് ഇതേവരെ കൊണ്ടുവന്നിട്ടില്ല.

(സി) മറ്റുസ്ഥലങ്ങളിലേക്കും പരവൂരിൽ വള്ളങ്ങൾ നിർമ്മിച്ചു് അപേക്ഷകന്മാർക്കു് കൊടുക്കുന്നുണ്ടു്. അപേക്ഷയനുസരിച്ചു് കിട്ടുന്ന തടി അതാതു് അപേക്ഷകന്മാർക്കുതന്നെയാണു് കൊടുത്തുവരുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഈ സൗജന്യനിരക്ക് എന്നു പറഞ്ഞാൽ എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അയായയ്യ് ഫാറസ്റ്റ് ഡിപ്പാർട്ട്മെണ്ടിൽ നിന്നും കിട്ടുന്ന റേറ്റിൽ കുറച്ചാണ് മീൻപിടിത്തക്കാർക്ക് വിലക്ക് കൊടുക്കുന്നതെന്നാണ്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇപ്പോഴത്തെ റേറ്റെന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

നെല്ലെടുപ്പു പദ്ധതി

*൭൭൮. (൨൭) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഇടയിടെ നടപ്പിൽ വരുത്തിയ പുതിയ നെല്ലെടുപ്പു പദ്ധതി പ്രകാരം എത്ര ജി. പി. തഹശീൽദാരന്മാരേയും ഫീൽഡ് ആഫീസറന്മാരേയും നിയമിച്ചിട്ടുണ്ട്;

(ബി) തൻമൂലം എത്ര ശതമാനം നെല്ല് അതിനു് മുൻപുള്ളതിൽ നിന്നും കൂടുതൽ എടുക്കാൻ സാധിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പുതിയ നെല്ലെടുപ്പുപദ്ധതി പ്രകാരം കൂടുതലായി ഒരേയും നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ പുതിയ പദ്ധതി പ്രകാരം ഇപ്പോൾ ഉള്ള ഉദ്യോഗസ്ഥന്മാരെ കുറയ്ക്കുവാൻ സാധിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധിക്കുമെന്നാണ് ഗവണ്മെണ്ടിന്റെ വിചാരം.

ശ്രീ. എ. കെ. പാച്ചുപിള്ള: എത്ര ആളുകളെ കുറയ്ക്കാമെന്നാണ് വിചാരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല

ശ്രീ. ഗാസ്പർ ഡിസിൽവാ: പുതിയ നെല്ലെടുപ്പുപദ്ധതി കരിഞ്ചന്ത നടത്തുവാൻ കൂടുതൽ സഹായിക്കുന്നുണ്ടെന്നുള്ളതു് അറിയാമോ?

Mr. Speaker: That is a matter of opinion.

Sri. P. Balakrishnan Tampi: It is a matter of experience (Laughter).

പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റൂൾസ്

*൭൭൯. (൨൭) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഇപ്പോൾ നിലവിലുള്ള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റൂൾസ് ഗവണ്മെണ്ട് അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു പ്രസ്താവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly